**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2349** **12-12-2022 - ൽ മറുപടിയ്ക്ക്**

**മജ്ജമാറ്റിവെയ്ക്കൽ ശസ്ത്രക്രിയ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മജ്ജമാറ്റിവെയ്ക്കൽ ശസ്ത്രക്രിയ ആവശ്യമുള്ള ഗുരുതര രോഗികളുടെ കണക്ക് ലഭ്യമാക്കുമോ; ശസ്ത്രക്രിയയ്ക്കും ചികിൽസയ്ക്കും സർക്കാർ ആശുപത്രികളിൽ നിലവിൽ ലഭ്യമായ സൗകര്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ; | (എ) | **സംസ്ഥാനത്ത് മജ്ജമാറ്റിവെയ്ക്കൽ ശസ്ത്രക്രിയ ആവശ്യമുള്ള ഗുരുതര രോഗികളുടെ കണക്ക് ലഭ്യമല്ല. മലബാർ കാൻസർ സെന്ററിൽ മജ്ജ മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യം ഉണ്ട്.** |
| (ബി) | ഭീമമായ തുക ചെലവഴിക്കേണ്ടിവരുന്ന ശസ്ത്രക്രിയ ആവശ്യമുള്ള നിർധനരായ ആളുകൾക്ക് പൂർണ്ണമായും സൗജന്യമായി ചികിൽസ ലഭ്യമാക്കാൻ പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ വിഷയം സർക്കാർ ഗൗരവമായി പരിഗണിക്കുമോ; | (ബി) | **ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് ജീവൻ സുരക്ഷാപ്രാധാന്യമുള്ള എല്ലാ രോഗങ്ങൾക്കും ചികിത്സാ സഹായം സർക്കാർ ആശുപത്രികൾ മുഖേന തികച്ചും സൗജന്യമായി നൽകുന്ന കേരള സർക്കാരിന്റെ പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയബാൽ സ്വാസ്ഥ്യ കാര്യക്രം പദ്ധതി (ആർ.ബി.എസ്.കെ) പ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന 30 രോഗങ്ങൾ ഒഴികെയുള്ള ജീവൻ രക്ഷാ പ്രാധാന്യമുള്ള രോഗങ്ങൾക്ക് ആരോഗ്യ കിരണം പദ്ധതിയിലൂടെ ചികിത്സാ സഹായം ലഭിക്കുന്നതാണ്. എ.പി.എൽ/ ബി പി. എൽ വ്യത്യാസമില്ലാതെ ഈ പ്രായത്തിനുള്ളിലുള്ള എല്ലാവരും തന്നെ ആരോഗ്യ കിരണം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ആദായ നികുതി ദായകർക്കും സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതല്ല. കാരുണ്യ സുരക്ഷാ പദ്ധതി ഗുണഭോക്താക്കൾക്ക് ഈ സേവനം സൗജന്യമായി ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള ചർച്ചകൾ നാഷണൽ ഹെൽത്ത് അതോറിറ്റിയുമായി നടത്തി വരുന്നു.** |
| (സി) | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ മജ്ജ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ ആവശ്യമുള്ള രോഗികളായ ആഞ്ജന, ആർദ്ര, (കരിയിൽ കിഴക്കേതിൽ, കുട്ടമ്പേരൂർ, മാന്നാർ) എന്നിവരുടെ മാതാവ് സമർപ്പിച്ച നിവേദനത്തിന്മേൽ (ഇ/6285438/22/എം (എച്ച്.ജി.ഡബ്ല്യു.സി.ഡി.) എന്തെല്ലാം നടപടികൾ | (സി) | **കുട്ടികളുടെ മജ്ജ മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് സഹായം ആവശ്യപ്പെട്ട് കൊണ്ടുള്ള ശ്രീമതി. സരസ്വതി. പി. ഡി യുടെ അപേക്ഷ വ്യക്തമായ ശുപാർശയോടുകൂടി അടിയന്തിരമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി 04/12/2022 ൽ സ്റ്റേറ്റ് നോഡൽ ഓഫീസർ ചൈൽഡ് ഹെൽത്തിന്** |

| | | | |
|---|---|---|---|
| | സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ; ഇവർക്ക് എന്നത്തേയ്ക്ക് സഹായം ലഭ്യമാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | | **അയച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായയതിനു ശേഷം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ